# Malayala Manorama
# 24 August 2018
# Aluva;Project for Infrastruture Development

## പ്രളയബാധിത പ്രദേശങ്ങളിൽ പശ്ചാത്തല വികസനത്തിന് 8,000 കോടിയുടെ പദ്ധതി

**മൂന്നു വർഷത്തിനകം പദ്ധതി നടപ്പാക്കുക നബാർഡിന്റെ വായ്പ ഉപയോഗിച്ച്**

**മനോരമ ലേഖകൻ**

ആലപ്പുഴ • പ്രളയ ദുരിതബാധിത പ്രദേശങ്ങളിലെ പ്രധാന പശ്ചാത്തല സൗകര്യങ്ങളുടെ പുനർനിർമാണത്തിനു നബാർഡിന്റെ 8,000 കോടി രൂപയുടെ വായ്പ ഉപയോഗിച്ചു പ്രത്യേക പാക്കേജ് പരിഗണനയിൽ. ഗ്രാമീണ പശ്ചാത്തല വികസന നിധിയിൽനിന്നാണു പാക്കേജ് ആലോചിക്കുന്നത്.

ഇതിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ഉടൻ സമർപ്പിക്കണമെന്നു സർക്കാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടു നിർദേശിച്ചു.

2018-19 വർഷം 2,000 കോടി, 2019-20 ൽ 3,000 കോടി, 2020-21ൽ 3,000 കോടി എന്നിങ്ങനെ വായ്പാ തുക വകയിരുത്താമെന്നാണു സർക്കാർ അറിയിച്ചിരിക്കുന്നത്.

കൃഷിയും ബന്ധപ്പെട്ട രംഗങ്ങളും, സാമൂഹിക മേഖലകൾ, ഗ്രാമീണ മേഖലകളെ പരസ്പരം ബന്ധിപ്പിക്കൽ എന്നിവയിൽ ആവശ്യമുള്ള പ്രവൃത്തികളുടെ വിവരങ്ങൾ ഉടൻ ഇ- മെയിലായി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വെള്ളപ്പൊക്കത്തിൽ ഒട്ടേറെ ഗ്രാമീണ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, സംരക്ഷണ ഭിത്തികൾ തുടങ്ങിയവ നശിച്ചിട്ടുണ്ട്. ഇവയിൽ നബാർഡ് മാർഗനിർദേശങ്ങൾ അനുസരിച്ചു പുനർനിർമിക്കാവുന്നവയാണു പാക്കേജിൽ പരിഗണിക്കുന്നത്. പാക്കേജിൽ ഏറ്റെടുക്കാവുന്ന തരം പ്രവൃത്തികളുടെ വിവരവും ബ്ലോക്ക് പഞ്ചായത്തുകൾക്കു നൽകിയിട്ടുണ്ട്.

അതേസമയം, സർക്കാർ ആവശ്യപ്പെട്ട വേഗത്തിൽ വിവരങ്ങൾ നൽകാൻ കഴിയാത്ത അവസ്ഥയിലാണു ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥർ. പലരും ദുരിതാശ്വാസ പ്രവർത്തനങ്ങളിലാണ്. പ്രവൃത്തികളുടെ പട്ടിക തയാറാക്കാൻ പല നടപടിക്രമങ്ങളും പാലിക്കുകയും വേണം.

ഇതിനായി കൂടുതൽ സമയം അനുവദിക്കണമെന്നാണ് ഉദ്യോഗസ്ഥരുടെ ആവശ്യം.

